പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1242 13/12/2012 ൽ മറുപടിയ്ക്ക്

## യുണിക് തണ്ടപ്പേര് നമ്പർ കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാജു | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന യൂണിക് തണ്ടപ്പേര് നമ്പർ കാർഡിന്റെ വിശദാംശങ്ങൾ നൽകുമോ ; | (എ) സ്വന്തം ഭൂമിയുള്ള ഏതൊരാൾക്കും നിസ്സാര ചെലവിൽ ലഭ്യമാകുന്ന തരത്തിൽ രൂപകൽപ്പന ചെയ്ത വിവിധോദ്ദേശ്യ കാർഡാണ് യുണീക് തണ്ടപ്പേർ നമ്പർ കാർഡ്. 10 അക്കങ്ങളോടു കൂടിയ കാർഡിന്റെ ആദ്യത്തെ രണ്ട് ഇംഗ്ലീഷ് അക്ഷരങ്ങൾ ജില്ല, താലൂക്ക്, വില്ലേജ് എന്നിവയെ പ്രതിനിധാനം ചെയ്യുന്നു. ബാക്കി 8 സംഖ്യകൾ ആണ് ഒരു കക്ഷിയുടെ യുണീക് തണ്ടപ്പേരായി കണക്കാക്കപ്പെടുന്നത്. ഈ നമ്പർ പേയ്മെന്റ് ഡലിവറി ഗേറ്റ്‌വേയിലും മറ്റിതര ഓൺലൈൻ സർക്കാർ സേവനങ്ങൾക്കും ആവശ്യമായ ലോഗിൻ നമ്പരായി ഒരു വ്യക്തിയ്ക്ക് ഉപയുക്തമാക്കാവുന്നതാണ്.<br>ഒരു വ്യക്തിയുടെ പേര്, സ്ഥിര മേൽവിലാസം, ഫോട്ടോ, ഐറിസ്, വിരലടയാളം, കൈവശ ഭൂമി സംബന്ധിച്ച വിവരങ്ങൾ, ജാതി, കുടുംബം, വരുമാനം, വാസസ്ഥലം, എന്നീ വിവരങ്ങൾ, SSLC, Election Commission of India, UID, ReLIS, e-District എന്നീ ഡാറ്റാബേസുകളിൽ നിന്നും ഏകോപിപ്പിച്ച് ലഭ്യമാക്കുക വഴി പ്രസ്തുത വ്യക്തിയുടെ പൊതു വിവരങ്ങൾ UTN കാർഡ് സ്വൈപ്പ് ചെയ്യുകയോ, UTN ഡാറ്റാബേസിൽ ലോഗിൻ ചെയ്ത് നമ്പർ ഫീഡ് ചെയ്യു |

| | | | |
|---|---|---|---|
| | | | ന്നതു വഴിയോ ലഭ്യമാക്കുന്നതാണ്. ഈ കാർഡ് ലഭ്യമാകുന്നതു വഴി സർക്കാർ സേവനങ്ങളുടെ ലഭ്യത ചുരുങ്ങിയ സമയത്തിനുള്ളിൽ കാര്യക്ഷമമായ രീതിയിൽ നൽകുവാനായി സാധിക്കും. |
| (ബി) | ഏത് പദ്ധതിയുടെ ഭാഗമായാണ് പ്രസ്തുത പരിഷ്ക്കരണം ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാം (NLRMP) ന്റെ ഭാഗമായാണ് ഇത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇതിനായി എന്തു തുക വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ? | (സി) | മൂന്ന് ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ ചെയ്യുന്നതിന് 19 കോടിയോളം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ